(സി) ഉണ്ട്.

(ഡി) ഉണ്ട്. കേരളാ ഹൗസിൽ സെക്രട്ടേറിയറ്റിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്ന തസ്തികകളിലെ ഒഴിവുകൾ അപ്പപ്പോൾ സർക്കാരിൽ നിന്നും നികത്താറുണ്ട്. ബെയറർ, റൂം അറ്റന്റന്റ്, കുക്ക്, കിച്ചൺ ഹെൽപ്പർ, സ്വീപ്പർ, ഷോഫർ, റിസപ്ഷൻ അസിസ്റ്റന്റ്, ടെലിഫോൺ ഓപ്പറേറ്റർ, പ്യൂൺ മുതലായ മറ്റ് തസ്തികകളിലെ ഒഴിവുകളിൽ ആവശ്യാനുസരണം താൽക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

സ്വാതന്ത്ര്യ സമരസേനാനികൾക്ക് പെൻഷൻ അനുവദിക്കുന്നതിന് ഉപദേശക സമിതി

11 [2317] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാതന്ത്ര്യ സമരസേനാനികൾക്ക് പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കേണ്ട തിരുവനന്തപുരം ജില്ലാ ഉപദേശകസമിതി ഇപ്പോൾ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിലെ അംഗങ്ങൾ ആരൊക്കെയാണ്;

(സി) കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ ഈ കമ്മിറ്റി കൂടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കേസുകളിൽ തീരുമാനമെടുത്തു;

(ഡി) ഈ കമ്മിറ്റി പ്രവർത്തനരഹിതമാണെങ്കിൽ അടിയന്തിരമായി പുനഃസംഘടിപ്പിക്കുന്നതിന് ആവശ്യമായ നടപടി ഉണ്ടാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1. ശ്രീ. എം. കുഞ്ഞുകൃഷ്ണപിള്ള
2. ശ്രീ. കെ. ശങ്കരൻ
3. കെ. കേശവൻ (മരണപ്പെട്ടു)
4. കെ. പി. നടേശൻ (മരണപ്പെട്ടു)
5. എസ്. കൃഷ്ണൻ നായർ (മരണപ്പെട്ടു)
6. ശ്രീ. കെ. ചെല്ലക്കണ്ണ് നാടാർ
7. എം. അലിക്കുഞ്ഞ് ശാസ്ത്രി (22-2-2004-ന് മരിച്ചു)
8. ഉള്ളൂർ പി. ഗോപി (മരണപ്പെട്ടു)
9. ശ്രീ. കുഞ്ഞുകൃഷ്ണപിള്ള വി.
10. ജി. സോമശേഖരൻ നായർ (3-3-2004-നു മരിച്ചു)
11. ലെഫ്. എ. എൻ. ശിവാനന്ദൻ

LIBRARY ARCHIVES Kerala Legislative Assembly

(സി) കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ കമ്മിറ്റി രണ്ട് തവണ കൂടിയിട്ടുണ്ട്. 16-8-2002-ൽ 37 കേസുകളിലും 26-11-2003-ൽ 27 കേസുകളിലും തീരുമാനമെടുത്തു.

(ഡി) ജില്ലാ ഉപദേശകസമിതി പുനഃസംഘടിപ്പിക്കുന്നതിനുവേണ്ടി പാനൽ തയ്യാറാക്കാൻ യോഗ്യരായ സ്വാതന്ത്ര്യ സമരസേനാനികളുടെ പാനൽ അയച്ചുതരാൻ നാലുതാലൂക്ക് തഹസീൽദാർമാരോട് നിർദ്ദേശിച്ചതായി ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

എ. കെ. ജി. ജൻമശതാബ്ദി സ്മാരകം

12 [2318] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവങ്ങളുടെ പടത്തലവനായ ശ്രീ. എ. കെ. ഗോപാലന്റെ ജൻമശതാബ്ദി വേളയിൽ അദ്ദേഹത്തിന് അർഹമായ ആദരവും അംഗീകാരവും നൽകിക്കൊണ്ട് അദ്ദേഹത്തിന് ഒരു നിത്യസ്മാരകം നിർമ്മിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്നും ഇതു സംബന്ധിച്ച് കൈക്കൊണ്ടിട്ടുള്ള നടപടികളെക്കുറിച്ചും വിശദമാക്കുമോ;

(ബി) എ. കെ. ജി. യുടെ ജൻമശതാബ്ദി സ്മരണാർത്ഥം ഒരു തപാൽ സ്റ്റാമ്പ് പുറപ്പെടുവിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുവാനും, അതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാനും ഗവൺമെന്റ് തയ്യാറാവുമോ?

ഉത്തരം

(എ) ഇത്തരത്തിലുള്ള നിർദ്ദേശങ്ങളൊന്നും തന്നെ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) ഇക്കാര്യത്തിൽ സർക്കാരിന് നിവേദനം കിട്ടുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

കെ. സുരേഷ്കുമാർ ഐ. എ. എസിന്റെ നിയമനം

13 [2319] *ശ്രീ. കെ. കെ. ജയചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. സുരേഷ്കുമാർ ഐ. എ. എസിനെ ഇപ്പോൾ ഏത് വകുപ്പിലാണ് നിയമിച്ചിട്ടുള്ളത്;

(ബി) 2004-ൽ അദ്ദേഹം ഏതൊക്കെ വകുപ്പിൽ ജോലി ചെയ്തിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly